# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 2500 09.03.2017-ൽ മറുപടിയ്ക്ക്

## കാട്ടുതീ

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.പി.സി. ജോർജ്** | **അഡ്വ.കെ.രാജു**<br>(വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് കൊടുംവേനലിൽ വന പ്രദേശങ്ങളിൽ കാട്ടുതീ പടർന്ന് പിടിയ്ക്കാൻ ഉള്ള സാധ്യതകൾ കണക്കിലെടുത്ത് വനംവകുപ്പ് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ ; | (എ) ഓരോ ഫോറസ്റ്റ് ഡിവിഷനു കീഴിലും വരുന്ന വനമേഖലയുടെ സ്വഭാവം, മുൻവർഷങ്ങളിലെ അനുഭവം, ഈ വർഷം ഇവ കത്താനുള്ള സാധ്യത എന്നിവ കണക്കിലെടുത്ത് വനമേഖലയെ High/Moderate/Low എന്നിങ്ങനെ വിവിധ സാധ്യതാ മേഖലകളായി തരം തിരിക്കുകയും ഹോട്ട്സ്പോട്ടുകൾ അടയാളപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഓരോ ഡിവിഷൻ തലത്തിലും കാട്ടുതീയെ ഫലപ്രദമായി നേരിടാനുള്ള പ്രവൃത്തികൾ ഉൾക്കൊള്ളിച്ചുകൊണ്ട് ഫയർ മാനേജ്മെന്റ് പ്ലാനുകൾ തയ്യാറാക്കുകയും സർക്കിൾ തലവന്മാർ ഇവ പരിശോധിച്ച് അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. ഓരോ വനമേഖലയിലെയും കാട്ടുതീ സാധ്യതയും സ്ഥലത്തിന്റെ പ്രത്യേകതയും കണക്കിലെടുത്ത് കാട്ടുതീയെ നേരിടാനുള്ള തന്ത്രം ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട്.<br>അഗ്നി പ്രതിരോധ പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കാനായി സംസ്ഥാന തലത്തിൽ വനം വകുപ്പ് |

| | | |
|---|---|---|
| | | ആസ്ഥാനത്ത് ഒരു ഫയർ മോണിറ്ററിംഗ് സെൽ പ്രവർത്തിച്ചു വരുന്നു. ഇതിനു പുറമെ എല്ലാ വന ഡിവിഷനുകളിലും ഫയർ കൺട്രോൾ റൂമും അടിയന്തിര സാഹചര്യങ്ങൾ നേരിടാൻ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറുടെ നേരിട്ടുള്ള നിയന്ത്രണത്തിൽ ക്രൈസിസ് മാനേജ്മെന്റ് ടീമും പ്രവർത്തിച്ചു വരുന്നു. |
| (ബി) | നിലവിൽ കാട്ടുതീ കൊണ്ട് എന്തെങ്കിലും കഷ്ടനഷ്ടങ്ങൾ ഉണ്ടായിട്ടുണ്ടോ; വിശദമാക്കാമോ? | (ബി) 2017 വർഷത്തിൽ 28.02.2017 വരെ 441 സ്ഥലങ്ങളിലായി 2013 ഹെക്ടർ വനഭൂമിയിൽ തീ ബാധിച്ചിട്ടുള്ളതും ആയതിലൂടെ സർക്കാരിന് 2,43,258/- രൂപയുടെ നഷ്ടം ഉണ്ടായതായും കണക്കാക്കിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**